**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1702** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഐ.എച്ച്.ആർ.ഡി. ജീവനക്കാരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്വാശ്രയ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യിൽ കഴിഞ്ഞ ഒന്നര വർഷമായി ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഐ.എച്ച്.ആർ.ഡി.യിൽ ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകാൻ സാധിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ നോൺപ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് ശമ്പളയിനത്തിൽ എത്ര തുക നൽകിയിട്ടുണ്ട് എന്നത് വർഷം തിരിച്ച് ലഭ്യമാക്കുമോ; | (ബി) | 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ നോൺ പ്ലാൻഫണ്ടിൽ ഉൾപ്പെടുത്തി ഐ.എച്ച്.ആർ.ഡി ജീവനക്കാർക്ക് ശമ്പള ഇനത്തിൽ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു: 2020-21 ബജറ്റ് വിഹിതം 14.81 കോടി രൂപയും അധിക ഫണ്ട് (നോൺ പ്ലാൻ) 40കോടി രൂപയും ചേർത്ത് ആകെ 54.81 കോടി രൂപ ശമ്പള ഇനത്തിൽ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. 2021-22 ബജറ്റ് വിഹിതം 14.81 കോടി രൂപയും കൂടാതെ വായ്പ ആയി 6202-02-105-98 (പ്ലാൻ) ശീർഷകത്തിൻ കീഴിൽ 25 കോടി രൂപയും നൽകിയിട്ടുണ്ട്. ഇതിനു പുറമെ 10കോടി രൂപ കൂടി വായ്പ ആയി പ്ലാൻ ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഐ.എച്ച്.ആർ.ഡി.സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി നൽകി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ഐ.എച്ച്.ആർ.ഡി.സ്ഥാപനങ്ങളിൽ ജീവനക്കാരുടെ തടഞ്ഞുവെച്ചിട്ടുള്ള പ്രൊമോഷനുകൾ,ഡി.എ. കുടിശിക, സാലറി ചലഞ്ച് തുക എന്നിവ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിൽ ജീവനക്കാരുടെ തടഞ്ഞു വെച്ചിട്ടുള്ള പ്രൊമോഷനുകൾ, ഡി.എ. കുടിശിക എന്നിവ ഐ.എച്ച്.ആർ.ഡിയുടെ സാമ്പത്തിക സ്ഥിതിമെച്ചപ്പെടുന്ന മുറയ്ക്ക് നൽകുന്നതാണ്. ഇതിന് പുറമെ സ.ഉ. (പി) നമ്പർ.53/2020/ധന തീയതി 30.04.2020 ഉത്തരവ് അനുസരിച്ച് “സാലറിചലഞ്ച്” പ്രകാരം ആറു ദിവസത്തെ വേതനം തുല്യതവണകളായി (ഒരുമാസത്തെ വേതനം) മാറ്റിവെച്ചതിൽ 2 ഗഡുക്കൾ തിരികെ |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ബാക്കി ഗഡുക്കൾ സാമ്പത്തിക ലഭ്യതയനുസരിച്ച താമസംവിനാ ജീവനക്കാർക്ക് വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ